**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**

**തീയതി 19.06.2023**

## "റോഡ് നിർമ്മാണത്തിൽ അഴിമതി നടത്തിയ കേസിൽ മുൻ എൻജിനീയർമാരെയും, കരാറുകാരനേയും വിജിലൻസ് കോടതി ശിക്ഷിച്ചു"

പത്തനംതിട്ട പമ്പ ഇറിഗേഷൻ പ്രോജക്ടിൻറെ ഭാഗമായി റോഡ് നിർമ്മാണത്തിൽ അധികമായി അളവുകൾ രേഖപ്പെടുത്തി പണം തട്ടിയ കേസിൽ മുൻ അസിസ്റ്റന്റ് എൻജിനീയറെയും, കോഴഞ്ചേരി മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെയും, കരാറുകാരനെയും തിരുവനന്തപുരം വിജിലൻസ് കോടതി കഠിന തടവിനും, പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2004-2005 കാലഘട്ടത്തിൽ പമ്പ ഇറിഗേഷൻ പ്രോജക്ട് ഇരവിപേരൂർ അസിസ്റ്റന്റ് എൻജിനീയറായിരുന്ന തോമസ് ജോണിനെയും, കോഴഞ്ചേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എൻജിനീയർ ആയിരുന്ന ജോർജ് സാമിനേയും കരാറുകാരനായിരുന്ന ജേക്കബ് ജോണിനെയുമാണ് ചെയ്യാത്ത ജോലികൾ ചെയ്തതെന്ന് കാണിച്ചതിനും കൂടുതൽ അളവുകൾ രേഖപ്പെടുത്തി 3,06,548/- രൂപ അധികമായി കരാറുകാരന് നൽകിയതിന് പത്തനംതിട്ട വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസിലാണ് പ്രതികൾ കുറ്റക്കാരാണ് എന്ന് കണ്ടെത്തി പ്രതികളായ എൻജിനീയർമാരെ വിവിധ വകുപ്പുകളിലായി ആയി ആറുവർഷം വീതം കഠിന തടവിനും 1,05,000/- രൂപ കൊടുക്കുന്നതിനും, കരാറുകാരനായ ജേക്കബ് ജോണിനെ നാല് വർഷം കഠിന തടവിനും ഒരു ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചത്.

പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. സി.പി ഗോപകുമാർ രജിസ്റ്റർ ചെയ്ത് മുൻ ഇൻസ്പെക്ടർ ശ്രീ.വി.എൻ സജി അന്വേഷണം നടത്തി മുൻ ഡി.വൈ.എസ്.പി ശ്രീ.ബേബി ചാൾസ് കുറ്റപത്രം സമർപ്പിച്ച കേസിലാണ് തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (19.06.20123) പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്.

പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ.രഞ്ജിത് കുമാർ എൽ. ആർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.